LIBRARY ARCHIVES Kerala Legislative Assembly

(എ&ബി) പയ്യന്നൂർ നഗരസഭയിലെ കോറോം വില്ലേജിലെ റീസ. 3/15-ൽ ഉൾപ്പെടുന്ന 0.3238 ഹെക്ടർ ഭൂമിയാണ് ലൈഫ് മിഷൻ ഫ്ളാറ്റിനായി കണ്ടെത്തിയിട്ടുള്ളത്. മിച്ചഭൂമിയായി നോട്ടിഫൈ ചെയ്തിരുന്ന ഭൂമി ലാൻഡ് ബോർഡ് സെക്രട്ടറിയുടെ 9-2-2021-ലെ എൽ.ബി (ബി.3) 3991/09(1) ഉത്തരവ് പ്രകാരം പൊതു ആവശ്യത്തിനുള്ള ഭൂമിയാക്കി മാറ്റിയിട്ടുണ്ട്. ലൈഫ് മിഷൻ 11-9-2020-ന് മേൽ ഭൂമി മിഷന് കൈമാറുന്നതിനുള്ള അപേക്ഷ നൽകിയിട്ടുണ്ട്. പൊതു ആവശ്യത്തിനുള്ള ഭൂമി ആയി മാറ്റിയതിന്റെ അടിസ്ഥാനത്തിൽ പയ്യന്നൂർ തഹസിൽദാർ ലൈഫ് മിഷന്റെ അപേക്ഷ പ്രകാരം ഭൂമി കൈമാറുന്നതിന് തളിപ്പറമ്പ ആർ.ഡി.ഒ. മുഖേന കണ്ണൂർ ജില്ലാ കളക്ടർക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

(സി) ഭൂമി കൈമാറ്റനടപടികൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

മിച്ചഭൂമി ആയതിനാലാണ് കൈമാറ്റ നടപടികൾ വൈകിയത്. പൊതു ആവശ്യത്തിനുള്ള ഭൂമിയായി തരം മാറ്റിയതോടെ ഭൂമി കൈമാറുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ റോഡുകൾ

315 (315) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് വികസന പദ്ധതി പ്രകാരം വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ 2016-2021 കാലയളവിൽ അനുവദിച്ച റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) അവയുടെ നിലവിലെ സ്ഥിതി പട്ടികതിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) പ്രവൃത്തികളുടെ പേരും വിശദാംശങ്ങളും അടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു*.

കോങ്ങാട് നിയോജകമണ്ഡലത്തിൽ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

316 (316) ശ്രീമതി ശാന്തകുമാരി. കെ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിലൂടെ കോങ്ങാട് നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ റോഡുകൾ ഏതൊക്കെയാണെന്നും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

(എ&ബി) പ്രവൃത്തികളുടെ പേരും വിശദാംശങ്ങളും അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

മൂലമ്പിള്ളി-പിഴല റോഡ് നിർമ്മാണം

317 (317) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ല കൗൺസിൽ അംഗീകാരം നൽകിയതും തദ്ദേശസ്വയംഭരണ വകുപ്പ് 4.8 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയതുമായ മൂലമ്പിള്ളി - പിഴല പാലത്തിന്റെ അപ്രോച്ച് റോഡായ പിഴല 350 മീറ്റർ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ആരാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

(എ&ബി) പിഴല 350 മീറ്റർ റോഡിനുവേണ്ടി 4.8 കോടി രൂപയ്ക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ജില്ല മുഖേന സ്വീകരിച്ചുവരികയാണ്. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് ധനകാര്യ വകുപ്പിന്റെ അക്രെഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ULCCS) ആണ്.

(സി) ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

ഈ പ്രവൃത്തിക്ക് പൊതുമരാമത്ത് വകുപ്പിൽനിന്നും സാങ്കേതികാനുമതി ലഭ്യമാക്കാനാകില്ല എന്നറിയിച്ചിട്ടുള്ളതാണ്. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് സാങ്കേതികാനുമതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുമതി ലഭ്യമായിട്ടില്ല. ഈ സാഹചര്യത്തിൽ, സാങ്കേതികാനുമതി ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് ആവശ്യമായ പിന്തുണ നൽകുന്നതിന് കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട്സ് (KSTP)-ന്റെ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.